# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത<br>ചോദ്യം നം.1637. | 17-6-2013 -ൽ<br>മറുപടിയ്ക്ക്. |

## എം.എൽ.എ.മാരുടെ പി.എ.മാർക്ക് നേരിടേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.തിലോത്തമൻ. | ശ്രീ.ഉമ്മൻചാണ്ടി,<br>മുഖ്യമന്ത്രി. |

(എ) എം.എൽ.എ.മാരുടെ പി.എ.മാർക്ക് വിവിധ സർക്കാർ ഓഫീസുകളിൽ നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ഏതെങ്കിലും വിധത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(ബി) മേൽ വിഷയം സംബന്ധിച്ച് പാർലമെന്ററി കാര്യ വകുപ്പിൽ നിന്നും 18-2-2013-ൽ ഇറക്കിയ 441/എ2/2013 നമ്പർ പരിപത്രം എല്ലാ ഓഫീസുകളിലും സെക്ഷനുകളിലും ഓഫീസ് മേധാവികൾക്കും നൽകിയിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ; ഇതിന്റെ പകർപ്പുകൾ എല്ലാ എം.എൽ.എ. മാർക്കും ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

(എ-യും ബി-യും)

പരാതി ശ്രദ്ധയിൽപ്പെടുകയും ആയത് പരിഹരിക്കുന്നതിനായി 18-2-2013-ലെ 441/ എ2/2013/പാ.കാ.വ. നമ്പർ സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ടി സർക്കുലർ സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, ഓഫീസ് മേധാവികൾക്കും നൽകിയിട്ടുണ്ട്. 10-6-2013-ലെ 1452/എ2/2013/ പാ.കാ.വ. നമ്പർ കത്തു പ്രകാരം ടി സർക്കുലറിന്റെ പകർപ്പുകൾ എല്ലാ എം.എൽ.എ. മാർക്കും അയച്ചു കൊടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ